# എസ് എസ് എൽ സി - 2017

# സോഷ്യൽ സയൻസ്

# സ്റ്റഡി നോട്ട്സ്

ക്രിസ്തുമസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്ന പത്താം തരം സാമൂഹ്യശാസ്ത്രത്തിന്റെ പഠനക്കുറിപ്പുകളാണിവ.

ഇത് ചെറിയൊരു ശ്രമം മാത്രമാണ്. പഠനത്തിനിടയിൽ കിട്ടുന്ന ചെറിയൊരു സഹായം. കൂടുതൽ വായിച്ചും കൂട്ടിച്ചേർത്തും വലിയൊരു പഠനാനുഭവമാക്കുമെന്ന പ്രതീക്ഷയോടെ,

# ക്രിസ്മസ് പരീക്ഷയ്ക്ക് ആവശ്യമായ പാഠങ്ങൾ

ഓണപരീക്ഷാ പാഠങ്ങളും,

ഒപ്പം

- സംസ്കാരവും ദേശീയതയും
- സമരവും സ്വാതന്ത്ര്യവും
- രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും
- സ്വതന്ത്രാനന്തര ഇന്ത്യ
- പൗരബോധം

- ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ
- പൊതു ചെലവും പൊതുവരുമാനവും
- ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും
- വൈവിധ്യങ്ങളുടെ ഇന്ത്യ

# ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

1. വിദൂര സംവേദനം എന്നാൽ എന്ത് ?

ഒരു വസ്തുവിനേയോ പ്രദേശത്തേയോ പ്രതിഭാസത്തേയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂര സംവേദനം

2. എന്താണ് സംവേദകങ്ങൾ ? ഉദാഹരണം എഴുതുക

വിദൂര സംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങളാണ് സം വേദകങ്ങൾ.

ഉദാ:- ക്യാമറ, സ്കാനർ

3.ഊർജ്ജ ഉറവിടത്തെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ എങ്ങനെ തരം തിരിക്കാം അവയുടെ വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.

**<u>പരോക്ഷ വിദൂര സംവേദനം</u>**

സൗരോർജ്ജത്തിന്റെ സഹായത്തോടെ നടത്തുന്ന വിദൂര സംവേദനം.

**<u>പ്രത്യക്ഷ വിദൂര സംവേദനം</u>**

കൃത്രിമമായ പ്രകാശത്തിന്റെ സഹായത്തോടെ നടത്തുന്ന വിദൂര സംവേദനം

4. എന്താണ് പ്ലാറ്റ്ഫോം ? പ്ലാറ്റ് ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ എങ്ങനെ തരംതിരിക്കാം ?

- വിദൂര സം വേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ക്യാമറയോ സ്കാനറോ സ്ഥാപിച്ചിരിക്കുന്ന പ്രതലത്തെ പ്ലാറ്റ്ഫോം എന്നു പറയുന്നു.
- പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ ഭൂതല ചായാഗ്രഹണം , ആകാശീയ വിദൂര സംവേദനം , ഉപഗ്രഹ വിദൂര സംവേദനം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.

5. പ്ലാറ്റ് ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ മൂന്നായി തിരിച്ചിരിക്കുന്നു. അവ ഓരോന്നും വിശദമാക്കുക.

**<u>ഭൂതല ചായാഗ്രഹണം</u>**

ഭൂതലത്തിൽ നിന്നോ അതിലെ ഉയർന്ന തലങ്ങളിൽ നിന്നോ ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ എടുക്കുന്നു.

ഉദാ:- ക്യാമറ ഉപയോഗിച്ച് ചിത്രങ്ങൾ എടുക്കുന്നത്.

## ആകാശിയ വിദൂര സംവേദനം

ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്തോടെ ഭൂതലത്തിന്റെ ചിത്രങ്ങൾ പകർത്തുന്നു.

താരതമ്യേന വിസ്തൃതി കുറഞ്ഞ പ്രദേശത്തിന്റെ ചിത്രങ്ങൾ പകർത്തുന്നതിന് .

## ഉപഗ്രഹ വിദൂര സംവേദനം

കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സെൻസറുകൾ വഴി വിവര സേഖരണം നടത്തുന്ന പ്രക്രിയ.

6. എന്താണ് ആകാശിയ ചിത്രങ്ങളിലെ ഓവർലാപ് ? ഇതിന്റെ ഉപയോഗം എന്ത് ?

ഓരോ ആകാശിയ ചിത്രത്തിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ ഏകദേശം 60 ശതമാനത്തോളം ഭാഗം പകർത്തിയെടുക്കാറുണ്ട്. ഇതാണ് ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്.

ഉപയോഗങ്ങൾ

1. ചിത്രങ്ങളുടെ തുടർച്ച നിലനിർത്തുക.
2. ത്രിമാനദൃശ്യം സാധ്യമാക്കുക.

7.കുറിപ്പ് തയ്യാറാക്കുക.

1. സ്റ്റീരിയോ പെയർ
2. സ്റ്റീരിയോ സ്കോപ്

1. ഓവർലാപ്പോടുകൂടിയ ഒരു ജോഡി ആകാശീയ ചിത്രങ്ങളാണ് **സ്റ്റീരിയോ പെയർ**

2. ആകാശിയ ചിത്രങ്ങളിൽ നിന്നും ത്രിമാന ദൃശ്യം ലഭിക്കാൻ സഹായിക്കുന്ന ഉപകരണമാണ് **സ്റ്റീരിയോ സ്കോപ്**

8. "വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല."ഇത് ഏത് വിദൂര സം വേദനത്തിന്റെ പോരായ്മയാണ് ?അതിന്റെ മറ്റ് മൂന്ന് പോരായ്മകൾ കൂടി കണ്ടെത്തി എഴുതുക.

1. ആകാശീയ വിദൂര സം വേദനം.
   - വിമാനത്തിനുണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.
   - വിമാനത്തിന് പറന്നുയരാനും ഇറങ്ങാനും ദുറസ്സായ സ്ഥലം ആവശ്യമാണ്.
   - ഇന്ധനം നിറക്കുന്നതിന് വിമാനം ഇടക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

9. ഉപഗ്രഹ വിദൂര സംവേദനത്തിൽ സംവേദകമായി ഉപയോഗിക്കുന്ന ഉപകരണം ഏത് ?

സ്കാനർ

10.ഭൂസ്ഥിര ഉപഗ്രഹവും സൗരസ്ഥിര ഉപഗ്രഹവും താരതമ്യം ചെയ്യുക.

| ഭൂസ്ഥിര ഉപഗ്രഹം |
|---|

- ഭൂമിയിൽ നിന്നും ഏകദേശം 36000 കിമി ഉയരത്തിൽ സ്ഥിതിചെയ്യുന്നു.
- ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നു.
- ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ

ഉദാ: ഇൻസാറ്റ്

| സൗരസ്ഥിര ഉപഗ്രഹം |
|---|

- ഭൗമോപരിതലത്തിൽ നിന്നും 1000 കിമിൽ താഴെ സഞ്ചാരപഥം
- ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലം വെക്കുന്നു.
- ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി

ഉദാ: IRS

11.ഭൂസ്ഥിര സൗരസ്ഥിര ഉപഗ്രഹങ്ങളുടെ രണ്ട് വീതം ഉപയോഗങ്ങൾ എഴുതുക.

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ |
|---|

- വാർത്താവിനിമയത്തിന്
- ദിനാന്തരിക്ഷ സ്ഥിതിയിലുണ്ടാകുന്ന വ്യത്യാസം മനസിലാക്കുന്നതിന്

| സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|

- പ്രകൃതി വിഭവങ്ങളുടെ വിവര ശേഖരത്തിന്
- ഭൂവിനിയോഗത്തിനെ കുറിച്ചുള്ള വിവര ശേഖരത്തിന്

12.കുറിപ്പ് തയ്യാറാക്കുക

a] സ്പെക്ട്രൽ സിഗ്നേച്ചർ

b] സ്പേഷ്യൽ റെസലൂഷൻ

c] ഉപഗ്രഹ ചായാചിത്രങ്ങൾ

- ഭൗമോപരിതലത്തിലെ ഓരോ വസ്തുവും പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് ആ വസ്തുവിന്റെ **സ്പെക്ട്രൽ സിഗ്നേച്ചർ**

- ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂതലത്തിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് ആ സെൻസറിന്റെ **സ്പേഷ്യൽ റെസലൂഷൻ.**

- കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സ്കാനറുകൾ വിവിധ വസ്തുക്കളെ സ്പെക്ട്രൽ സ്ഗ്നേച്ചറിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ് വിവരങ്ങൾ സംഖ്യാരൂപത്തിൽ ഭൂതലത്തിലേക്ക് അയക്കുന്നു. ഇതാണ് **ഉപഗ്രഹ ചായാചിത്രങ്ങൾ**

13. വരൾച്ച , വെള്ളപ്പൊക്കം എന്നിവ ബാധിച്ച പ്രദേശങ്ങൾ കണ്ടെത്തുന്നതിന് വിദൂര സം വേദന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. വിദൂര സംവേദനത്തിന്റെ മറ്റ് മൂന്ന് ഉപയോഗങ്ങൾ എഴുതുക.

- എണ്ണ പര്യവേഷണത്തിന്
- കാലാവസ്ഥാ നിർണ്ണയത്തിന്
- ഉൾവനങ്ങളിലെ കാട്ടുതീ കണ്ടെത്തുന്നതിന്.

14. എന്താണ് ഭൂവിവര വ്യവസ്ഥ ? ഭൂവിവര വ്യവസ്ഥ സോഫ് റ്റ് വെയറുകൾ എന്തിനൊക്കെ ഉപയോഗിക്കുന്നു ?

വിദൂര സംവേദന സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഘരിക്കുന്ന വിവരങ്ങൽ ഉൾപ്പെടുത്തി ഭൂപടങ്ങൽ തയ്യറാക്കുന്നതിനും ഭൂപടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും ഇന്ന് സോഫ് റ്റ് വെയറുകൾ ഉപയോഗപ്പെടുത്തുന്നു. ഈ പ്രക്രീയയാണ് ഭൂവിവര വ്യവസ്ഥ.

- ഭൂപടങ്ങൾ പ്രദർശിപ്പിക്കുക, ഭൂപടങ്ങൾ നവീകരിക്കുക , പുതിയവ ഉണ്ടാക്കുക, ശേഘരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പട്ടികകൾ , ഗ്രാഫുകൾ എന്നിവ നിർമ്മിക്കുക എന്നിവയ്ക്ക് ഭൂവിവരവ്യവസ്ഥാ സോഫ് റ്റ് വെയറുകൾ ഉപയോഗിക്കുന്നു.

15. ഭൂവിവര വ്യവസ്ഥയിൽ വിശകലനം സാധ്യമാകണമെങ്കിൽ രണ്ടുതരം വിവരങ്ങൾ ആവശ്യമാണ് . അവ ഏതെല്ലാം ?

1. സ്ഥാനീയ വിവരങ്ങൾ - ഒരു പ്രദേശത്തിന്റെ അക്ഷാംശ രേഖാംശ സ്ഥാനം
2. വിശേഷണങ്ങൾ- ഉദാഹരണത്തിന് ഒരു കിണർ അടയാളപ്പെടുത്തുമ്പോൾ ആ കിണറിന് പ്ലാറ്റ് ഫോമുണ്ടോ , എത്ര ആഴമുണ്ട് ശുദ്ധ ജലമാണോ ഉടമസ്ഥത ആർക്കാണ് തുടങ്ങിയ വിവരങ്ങളാണ് കിണറിന്റെ വിശേഷണങ്ങൾ

16.എന്താണ് പാളികൾ ?

ഭൂവിവര വ്യവസ്ഥാ സോ ഫ് റ്റ് വെയറുകളുടെ സഹായത്താൽ പർവതങ്ങൾ ,നദികൾ ,കൃഷി ഇടങ്ങൾ ,പീഠഭൂമികൾ തുടങ്ങി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വെവ്വേറെ ഭൂപടം നിർമ്മിക്കാം . ഇങ്ങനെ നിർമ്മിച്ച ഓരോ ഭൂപടവും " പാളി" എന്നാണ് അറിയപ്പെടുന്നത്.

- നമുക്കാവശ്യമുള്ള വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി പട്ടികകളോ ഭൂപടങ്ങളോ എളുപ്പത്തിൽ തയ്യാറാക്കാൻ കഴിയും .

- രണ്ട് പാളികൾ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നതിന് സാധിക്കും.

ഉദാ: ഇന്ത്യയിലെ റോഡ് ശ്യംഘലയും ഭൂപ്രകൃതിയുമായുള്ള ബന്ധം.

17. ഭൂവിവര വ്യവസ്ഥയുടെ വിവിധ വിശകലന സാധ്യതകൾ ഏതെല്ലാം ? വിശദീകരിക്കുക.

**<u>ശൃംഘലാവിശകലനം</u>** : ഭൂപടത്തിലെ റോഡ് , റെയിൽവേ , നദികൾ തുടങ്ങിയ രേഖീയ സവിശേഷതകളാണ് ശൃംഘലാവിശകലനത്തിന് വിധേയമാക്കുന്നത് .

ഏറ്റവും ദൂരം കുറഞ്ഞ യാത്രാമാർഗ്ഗം , തിരക്ക് കുറഞ്ഞ പാത , ടോൾ ഇല്ലാത്ത പാത മുതലായവ കണ്ടെത്താൻ ഈ വിശകലനത്തിലൂടെ സാധിക്കുന്നു.

**<u>ആവൃത്തി വിശകലനം :</u>** ഒരു ബിന്ദുവിന് ചുറ്റുമോ രേഖീയ സവിശേഷതകൾക്ക് നിശ്ചിത ദൂരത്തിലോ നടത്താവുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നതിന്

ഉദാ: നിലവിലുള്ള റോഡിന് വീതി കൂട്ടുമ്പോൾ ഏറ്റെടുക്കേണ്ടി വരുന്ന വീടുകൾ കണ്ടെത്താൻ

**<u>ഓവർലേ വിശകലനം</u>** : ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടേ പരസ്പര ബന്ധത്തെക്കുറിച്ചും അവയിലുണ്ടായ മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന്

ഉദാ: ഒരു പ്രദേശത്ത് നെൽപാടങ്ങളുടെ വിസ്തൃതിയിലുണ്ടായ മാറ്റം മനസ്സിലാക്കുന്നതിന് .

18. ഭൂവിവര വ്യവസ്ഥയുടെ ഏതെങ്കിലും 3 പ്രയോജനങ്ങൾ എഴുതുക.

- വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്
- പല വിവരങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്
- ഭൂപടങ്ങൾ , പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്

19. എന്താണ് GPS സംവിധാനം ? ഈ സംവിധാനം ആരഭിച്ച രാജ്യം ഏത് ?

- ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ- രേഖാംശസ്ഥാനം , ഉയരം , സമയം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന സംവിധാനം .
- അമേരിക്കൻ ഐക്യനാടുകൾ ആരംഭിച്ചു.

20. എ കോളത്തിനനുയോജ്യമായ ബി, സി കോളങ്ങൾ ക്രമീകരിക്കുക.

| A | B | C |
|---|---|---|
| സ്പെക്ട്രൽ സിഗ്നേച്ചർ | ധ്രുവങ്ങളെ ചുറ്റുന്നു | സെൻ സർ |
| സ്പേഷ്യൽ റെസല്യൂഷൻ | ഭൂമിയോടൊപ്പമുള്ള ഭ്രമണം | IRS |
| സൗരസ്ഥിര ഉപഗ്രഹങ്ങൾ | വൈദ്യുത കാന്തിക വികിരണങ്ങളുടെ പ്രതിഫലനം | INSAT |
| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം തിരിച്ചറിയുന്നു | വസ്തുക്കളുടെ ഭൗതിക സ്വഭാവം |

| A | B | C |
|---|---|---|
| സ്പെക്ട്രൽ സിഗ്നേച്ചർ | വൈദ്യുത കാന്തിക വികിരണങ്ങളുടെ പ്രതിഫലനം | വസ്തുക്കളുടെ ഭൗതിക സ്വഭാവം |
| സ്പേഷ്യൽ റെസല്യൂഷൻ | ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പം തിരിച്ചറിയുന്ന | സെൻസർ |
| സൗരസ്ഥിര ഉപഗ്രഹങ്ങൾ | ധ്രുവങ്ങളെ ചുറ്റുന്ന | IRS |
| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | ഭൂമിയോടൊപ്പമുള്ള ഭ്രമണം | INSAT |

21. ഭൂവിവര വ്യവസ്ഥയുടെ വിശകലന സാധ്യതകളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് താഴെ നൽകിയിരിക്കുന്നത്. അനുയോജ്യമായ വിശകലന സധ്യത കണ്ടെത്തുക.

a]ഒരു സ്ഥലത്ത് വ്യത്യസ്ഥകാലഘട്ടത്തിൽ ഭൂവിനിയോഗത്തിൽ വന്ന മാറ്റം മനസിലാക്കുന്നതിന്

b]നിലവിലുള്ള റോഡ് വീതി കൂട്ടുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന വീടുകൾ കണ്ടെത്താൻ

C] തിരക്ക് കുറഞ്ഞ റോഡ് കണ്ടെത്താൻ

a]ഓവർലേ വിശകലനം

b]ആവൃത്തി വിശകലനം

c]ശൃംഘലാ വിശകലനം

# ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

1. എന്താണ് ധരാതലീയ ഭൂപടങ്ങൾ ? ധരാതലീയ ഭൂപടങ്ങളുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.

ഒരു ചെറിയ പ്രദേശത്തിന്റെ പ്രകൃതി ദത്തവും മനുഷ്യ നിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളേയും വളരെ വിശദമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ധരാതലീയ ഭൂപടങ്ങൾ.

<u>ഉപയോഗങ്ങൾ</u>

- ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്
- സൈനിക പ്രവർത്തനങ്ങൾക്കും സൈനീക ഭൂപടങ്ങളുടെ നിർമ്മാണത്തിനും.

2. ഇന്ത്യയിൽ ധരാതലീയ ഭൂപടങ്ങളുടെ നിർമ്മാണത്തിന്റെ ചുമതലയുള്ള ഏജൻസി ഏത് ?

സർവ്വേ ഓഫ് ഇന്ത്യ

3.ധരാതലീയ ഭൂപടങ്ങളുടെ നമ്പറുകൾ ഉദാ 45 D/10 എന്തിനേയാണ് സൂചിപ്പിക്കുന്നത്

ഭൂപടം പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തെ

4.ഒരേ വലിപ്പത്തിലും ആകൃതിയിലുമുള്ള എത്ര ഷീറ്റുകളായാണ് ലോകത്തെ മുഴുവൻ ചിത്രീകരിച്ചിരിക്കുന്നത്

2222 ഷീറ്റുകൾ

5.ഇന്ത്യയും സമീപ രാജ്യങ്ങളുമടങ്ങിയ ഭൂപടപരമ്പരയിൽ ഉൾപ്പെട്ട ഷീറ്റുകൾ മില്ല്യൺ ഷീറ്റുകൾ എന്നറിയപ്പെടുന്നതെന്തുകൊണ്ട്

ഈ ഷീറ്റുകൾ ഓരോന്നും 1:1000000 എന്ന തോതിലായതിനാൽ

6.എന്താണ് ധരാതലീയ ഭൂപടത്തിലെ സൂചക നമ്പറുകൾ ?

4 ഡിഗ്രീ അക്ഷാംശവും 4 ഡിഗ്രീ രേഖാംശവും വ്യാപ്തിയായി ഉൾക്കൊള്ളുന്ന മില്ല്യൺ ഷീറ്റുകൾക്ക് 1 മുതൽ 105 വരെ നമ്പറുകൾ നൽകിയിരിക്കുന്നു. ഈ നമ്പറുകൾ സൂചക നമ്പറുകൾ എന്നറിയപ്പെടുന്നു.

7. തന്നിരിക്കുന്ന ഭൂസവിശേഷതകൾ  ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന അംഗീകൃത നിറങ്ങൾ  കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| ഭൂസവിശേഷതകൾ | നിറം |
|---|---|
| അതിർത്തിരേഖകൾ | കറുപ്പ് |
| പുൽമേട്ടുകൾ | പച്ച |
| കൃഷിസ്ഥലങ്ങൾ | മഞ്ഞ |
| തരിശുഭൂമി | വെള്ള |
| ഗ്രിഡ് ലൈനുകൾ | ചുമപ്പ് |
| ജലാശയങ്ങൾ | നീല |
| കോണ്ടൂർ രേഖകൾ | തവിട്ട് |

8.ധരാതലീയ ഭൂപടത്തിലെ ഈസ്റ്റ്ങ്സ് , നോർത്തിങ്സ് രേഖകളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക

_ഈസ്റ്റിങ്സ്

- വടക്ക്-തെക്ക് ദിശയിൽ വരച്ചിട്ടുള്ള രേഖകൾ
- മൂല്യം കിഴക്ക് ദിശയിലേക്ക് പോകുന്തോറും കൂടി വരുന്നു
- സ്ഥാന നിർണ്ണയത്തിന് ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സിന്റെ മൂല്യമാണ് പരിഗണിക്കുന്നത്.

_നോർത്തിങ്സ്

- കിഴക്ക് - പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകൾ
- ഇവയുടെ മൂല്യം വടക്ക് ദിശയിലേക്ക് പോകുന്തോറും കൂടി വരുന്നു.
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുന്നത്.

9. ധരാതലീയ ഭൂപടത്തിൽ കാണുന്ന സവിശേഷതകളാണ് താഴെ നൽകിയിരിക്കുന്നത്. അവയെ പ്രാഥമിക വിവരങ്ങൾ, ഭൗതിക സവിശേഷതകൾ , സാംസ്കാരിക സവിശേഷതകൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക

പ്രാഥമിക വിവരങ്ങൾ - കോണ്ടൂർ ഇടവേള , പ്രസിദ്ധീകരിച്ച വർഷം

ഭൗതിക സവിശേഷതകൾ - നദി

സാംസ്കാരിക സവിശേഷതകൾ - പോലീസ് സ്റ്റേഷൻ , ആരാധനാലയങ്ങൾ

10.തെറ്റുണ്ടെങ്കിൽ തിരുത്തുക

- താരതമ്യേന വലിപ്പം കൂടിയ ഭൂസവിശേഷതകളാണ് ആറക്ക് ഗ്രിഡ് റഫറൻസിലൂടെ സ്ഥാന നിർണ്ണയം നടത്തുന്നത്.

- നാലക്ക റഫറൻസിലൂടെ സ്ഥാന നിർണ്ണയം നടത്തുമ്പോൾ ആദ്യം ഭൂസവിശേഷതകളുടെ തൊട്ട് വലത് ഭാഗത്തുള്ള ഈസ്റ്റിങ്സിന്റെ മൂല്യം ആദ്യമെഴുതണം.

- വലിപ്പം കുറഞ്ഞ
- തൊട്ട് ഇടതുഭാഗത്തുള്ള

## പൊതുചെലവും പൊതുവരുമാനവും

1. വികസനചെലവും വികസനേതര ചെലവും തമ്മിലുള്ള വ്യത്യാസമെന്ത് ?

വികസനപരമായ കാര്യങ്ങൾക്കു വേണ്ടി സർക്കാർ നടത്തുന്ന ചെലവാണ് വികസനചെലവ്.

ഉദാ: റോഡ് , പാലം , തുറമുഖം തുടങ്ങിയവ നിർമ്മിക്കുന്നത്.

വികസനപരമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി സർക്കാർ നടത്തുന്ന ചെലവാണ് വികസനേതര ചെലവ്.

ഉദാ: യുദ്ധം, പലിശ , പെൻഷൻ തുടങ്ങിയവക്കുള്ള ചെലവുകൾ

2. ഇന്ത്യയിൽ പൊതുചെലവ് വർദ്ധിക്കാനുള്ള രണ്ട് കാരണങ്ങൾ എഴുതുക ?

- ക്ഷേമപ്രവർത്തനങ്ങൾ
- പ്രതിരോധചെലവിന്റെ വർദ്ധനവ്

3. ഇന്ത്യയിലെ നികുതിയേതര വരുമാന മാർഗങ്ങൾ ഏതെല്ലാം?

പലിശ - മറ്റ് രാജ്യങ്ങൾക്ക് നൽകിയ വായ്പയിൽ നിന്ന്

ലാഭം - പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭം

ഗ്രാന്റ് - ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം

ഫൈൻ, പെനാൽട്ടി - നിയമം ലംഘിക്കുന്നവർക്ക് നൽകുന്ന ശിക്ഷ

4. ഇന്ത്യയിലെ ചില പ്രധാന നികുതികളാണ് ചുവടെ നൽകിയിരിക്കുന്നത്. അവയെ അനുയോജ്യമായ രീതിയിൽ തരം തിരിക്കുക.

സൂചകം : കേന്ദ്രം , സം സ്ഥാനം , തദ്ദേശസ്വയം ഭരണം

[ കോർപ്പറേറ്റ് നികുതി , സംസ്ഥാന എക്സൈസ് ഡ്യൂട്ടി , വസ്തു നികുതി, വ്യക്തിഗത ആദായ നികുതി, മൂല്യ വർദ്ധിത നികുതി , വിനോദ നികുതി ]

<u>കേന്ദ്ര സർക്കാർ ചുമത്തുന്നവ</u>

കോർപ്പറേറ്റ് നികുതി
വ്യക്തിഗത ആദായ നികുതി

<u>സംസ്ഥാന സർക്കാർ ചുമത്തുന്നവ</u>

മൂല്യ വർദ്ധിത നികുതി
സം സ്ഥാന എക്സൈസ് ഡ്യൂട്ടി

<u>തദ്ദേശ സ്വയംഭരണ സർക്കാരുകൾ ചുമത്തുന്നവ</u>

വിനോദ നികുതി
വസ്തു നികുതി

5. വിവിധ തരം ബജറ്റുകൾ ഏതെല്ലാം ?

സന്തുലിത ബജറ്റ് - വരവും ചെലവും തുല്യം

കമ്മി ബജറ്റ് - ചെലവ് കൂടുതൽ വരവ് കുറവ്

മിച്ച ബജറ്റ് - വരവ് കൂടുതൽ ചെലവ് കുറവ്

6. പ്രത്യക്ഷ നികുതിയും പരോക്ഷനികുതിയും തമ്മിലുള്ള രണ്ട് വ്യത്യാസം എഴുതുക

<u>പ്രത്യക്ഷ നികുതി</u>

നികുതി ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടക്കുന്നു.

നികുതി ഭാരം നികുതിദായകർ അറിയുന്നു.

<u>പരോക്ഷ നികുതി</u>

നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും.

നികുതിഭാരം നികുതിദായകർ അറിയുന്നില്ല.

7. നികുതിയോടൊപ്പം സർക്കാരിന് വരുമാനം ലഭിക്കുന്ന രണ്ട് സ്രോതസ്സുകൾ ഏതെല്ലാം ?

സർചാർജ്ജും സെസ്സും (ഇവ രണ്ടും താൽകാലികമായി ചുമത്തുന്ന അധികനികുതികളാണ് )

8.എന്താണ് പൊതുകടം ? വിവിധതരം പൊതുകടങ്ങൾ ഏതെല്ലാം ?

സർക്കാർ വാങ്ങുന്ന  വായ്പകളാണ് പൊതുകടം

ആഭ്യന്തര കടവും വിദേശകടവും

9.ആഭ്യന്തര കടവും വിദേശകടവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?

<u>ആഭ്യന്തര കടം</u>

രാജ്യത്തിനകത്തെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പകൾ

<u>വിദേശകടം</u>

വിദേശ ഗവണ്മെന്റുകളിൽ നിന്നും അന്തർദേശീയ സ്ഥാപനങ്ങളിൽ നന്നും വാങ്ങുന്ന വായ്പകൾ.

11. പൊതുകടം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൽ എന്തെല്ലാം ?

- ജനസംഖ്യാവർദ്ധനവ്
- സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ
- പ്രതിരോധ രംഗത്തെ വർദ്ധിച്ച ചെലവ്

12. എന്താണ് പൊതു ധനകാര്യം ?

-പൊതുവരുമാനം , പൊതുചെലവ് , പൊതുകടം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന സാമ്പത്തിക ശാസ്ത്രശാഖയാണ് പൊതുധനകാര്യം .

-ഇത് ബജറ്റിലൂടെയാണ് സർക്കാർ വ്യക്തമാക്കുന്നത് .

13. ബജറ്റ് എന്നാലെന്ത് ?

ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യ രേഖയാണ് ബജറ്റ്.

14. ധനനയം എന്നാലെന്ത് ?ധനനയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ?

പൊതുവരുമാനം പൊതുചെലവ് , പൊതുകടം എന്നിവയെ സമ്പന്ധിച്ച സർക്കാർ നയമാണ് ധനനയം.

ലക്ഷ്യങ്ങൾ

- സാമ്പത്തിക സ്ഥിരത കൈവരിക്കുക
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക.

15. ധനനയം വിലക്കയറ്റത്തേയും വിലച്ചുരുക്കത്തേയും നിയന്ത്രിക്കുന്നതെങ്ങനെ ?

-വിലക്കയറ്റസമയത്ത് നികുതി വർദ്ധിപ്പിക്കുന്നു. ഇതിന്റെ ഫലമായി ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുന്നു.

-വിലച്ചുരുക്ക സമയത്ത് നികുതി കുറക്കുന്നു. ഇത് ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുന്നു.

## വൈവിധ്യങ്ങളുടെ ഇന്ത്യ

1. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് കെ2 [ ഗോഡ്വിൻ ആസ്റ്റിൻ] ഏത് മലനിരയിലാണ് സ്ഥിതി ചെയ്യുന്നത് ?

കാറക്കോറം

2. തന്നിരിക്കുന്ന സവിശേഷതകളെ ഹിമാദ്രി , സിവാലിക് , ഹിമാചൽ എന്നിങ്ങനെ തരംതിരിച്ചെഴുതുക

a-ഡൂണുകൾ എന്ന താഴ്വരകൾ

b-ഷിംല , ഡാർജിലിങ്ങ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ

c-ശരാശരി ഉയരം 3000 മീറ്റർ

d-ഗംഗ , യമുന നദികളുടെ ഉത്ഭവസ്ഥാനം

e-ഹിമാചലിന് തെക്കു ഭാഗത്ത്

f-ഏറ്റവും ഉയരം കൂടിയ നിര

ഹിമാദ്രി - d , f
സിവാലിക് - b , c
ഹിമാചൽ - a , e

3. പൂർവാചൽ എന്നറിയപ്പെടുന്ന ഭൂവിഭാഗം ഏത് ?

കിഴക്കൻ മലനിരകൾ

4. ഇന്ത്യയുടെ സംസ്കാരത്തിലും ജനജീവിതത്തിലും ഉത്തര പർവതമേഖലയുടെ പങ്ക് വ്യക്തമാക്കുക.

-പണ്ടുമുതലേ വടക്കുപടിഞ്ഞാറ് നിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ നിന്നും നമ്മെ സം രക്ഷിച്ചു പോരുന്നു.

-മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിൽ മഴ പെയ്യിക്കുന്നു.

-ശൈത്യകാലത്ത് വടക്കുനിന്നും വീശുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു.

5. തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

[സത് ലജ് , ലൂഹിത് , കോസി , മാനസ് , സോൺ , ചിനാബ് ]

| സിന്ധുവിന്റെ പോഷകനദികൾ | ഗംഗയുടെ പോഷക നദികൾ | ബ്രഹ്മപുത്രയുടെ പോഷക നദികൾ |
|---|---|---|
| സത് ലജ്<br>ചിനാബ് | കോസി<br>സോൺ | ലൂഹിത്<br>മാനസ് |

6.ഉത്തര മഹാസമതലം ഉൾപ്പെടുന്ന 3 സംസ്ഥാനങ്ങളുടെ പേരെഴുതുക

പശ്ചിമ ബംഗാൾ , ബീഹാർ , ഉത്തർ പ്രദേശ്

7. ബംഗ്ലാദേശിൽ ജമുന എന്നും ടിബറ്റിൽ സാങ്പോ എന്നും വിളിക്കുന്ന ഹിമാലയൻ നദിയേത് ?

ബ്രഹ്മപുത്ര

8. ടിബറ്റിലെ ചെമയുങ്ദുങ് ഹിമാനിയിൽ നിന്നും ഉത്ഭവിക്കുന്ന നദിയേത് ?

ബ്രഹ്മപുത്ര

9. ടിബറ്റിലെ മാനസസ സരോവർ തടാകത്തിൽ നിന്നും ഉത്ഭവിക്കുന്ന നദിയേത് ?

ഗംഗ

10. ഇന്ത്യയുടെ ധാന്യപ്പുര എന്നു വിളിക്കുന്ന ഭൂപ്രകൃതി വിഭാഗമേത് ?

ഉത്തരമഹാസമതലം

11. ഉപദ്വീപിയാ പീഠഭൂമിയിലെ ചില ഭൂവിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത് . അവയെ പർവതങ്ങൾ , പീഠഭൂമികൾ , എന്നിങ്ങനെ തരംതിരിക്കുക.

[ മാൾ വ , വിന്ധ്യ , പശ്ചിമഘട്ടം , ചോട്ടാനാഗ്പൂർ , സത്പുര , ഡക്കാൻ ]

| പർവതങ്ങൾ | പീഠഭൂമികൾ |
|---|---|
| വിന്ധ്യ<br>പശ്ചിമഘട്ടം<br>സത്പുര | മാൾവ<br>ചോട്ടാനാഗ്പൂർ<br>ഡക്കാൻ |

12.ഉപദ്വീപീയ നദികളെ അവ ഒഴുകുന്ന ദിശയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

പടിഞ്ഞാറോട്ടൊഴുകുന്നവ

നർമ്മദ

താപ്തി

കിഴക്കോട്ടൊഴുകുന്നവ

മഹാനദി

ഗോദാവരി

കൃഷ്ണ

കാവേരി

13. ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി ഏത് ?

ആനമുടി

14. ഉപദ്വീപിയ പീഠഭൂമിയെ ധാതുക്കളുടെ കലവറ എന്നു വിളിക്കുന്നു. എന്തുകൊണ്ട് ?

വിവിധ തരം ധാതുക്കളുടെ ധാരാളം നിക്ഷേപങ്ങൾ ഇവിടെ ഉള്ളതിനാൽ

15. പരുത്തികൃഷിക്ക് അനുയോജ്യമായ മണ്ണേതാണ് ?

കറുത്ത പരുത്തിമണ്ണ്

16. ചില ഉപദ്വീപീയനദികളുടെ  സവിശേഷതകളാണ് താഴെ കൊടുത്തിരിക്കുന്നത് . സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നദി ഏതെന്ന് കണ്ടെത്തുക.

a]മധ്യപ്രദേശിലെ കൈലാസ നിരകളിൽ നിന്ന് ഉത്ഭവിച്ച് കിഴക്കോട്ടൊഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

b]മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകളിൽ നിന്ന് ഉത്ഭവിച്ച് ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു.

c]മുൻ തായ് പീഠഭൂമിയിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ പതിക്കുന്നു.

a]മഹാനദി

b]കൃഷ്ണ

c]താപ്തി

17.A കോളത്തിനനുയോജ്യമായവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| A | B | C |
|---|---|---|
| ശൈത്യകാലം | മൺസൂണിന്റെ പിൻ വാങ്ങൽ | ബാമർ |
| ഉഷ്ണകാലം | പശ്ചിമ അസ്വസ്ഥത | ഒക്ടോബർ ചൂട് |
| വടക്കുകിഴക്കൻ മൺസൂൺ | മാംഗോഷവർ | പഞ്ചാബിൽ മഴ ലഭ്യമാകുന്നു |

18.ഹിമാലയൻ നദികളേയും ഉപദ്വീപിയൻ നദികളേയും താരതമ്യം ചെയ്യുക

ഹിമാലയൻ നദികൾ

- അതിവിസ്തൃതമായ വൃഷ്ടിപ്രദേശം
- അതിശക്തമായ അപരദന തീവ്രത
- ഉയർന്ന ജലസേചന ശേഷി

_ഉപദ്വീപിയൻ നദികൾ

-താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം

-അപരദന തീവ്രത താരതമ്യേന കുറവ്

-കുറഞ്ഞ ജലസേചന ശേഷി

19. കിഴക്കൻ തീര സമതലത്തിന്റേയും പടിഞ്ഞാറൻ  തീരസമതലത്തിന്റേയും ഏതെങ്കിലും 4 സവിശേഷതകൾ പട്ടികപ്പെടുത്തുക.

<u>കിഴക്കൻ തീരസമതലം</u>

- ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനും ഇടയിൽ
- സുന്ദരവനം മുതൽ കന്യാകുമാരി വരെ
- വീതി 80 കിമി മുതൽ 160 കിമി വരെ
- ഡെൽറ്റ രൂപീകരണം നടക്കുന്നു.

<u>പടിഞ്ഞാറൻ തീരസമതലം</u>

- അറബിക്കടലിനും പ്ശ്ചിമഘട്ടത്തിനുമിടയിൽ
- റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ
- ഏകദേശം 64 കിമി മാത്രം വീതി
- കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.

20.ഇന്ത്യയിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ ?

- അക്ഷാംശീയ സ്ഥാനം
- ഭൂപ്രകൃതി
- സമുദ്ര സാമിപ്യം

21. ഇന്ത്യയിലെ തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്തിന്റെ സവിശേഷതകൾ വിശദമാക്കുക

തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റ് രണ്ട് ശാഖകളായി പിരിഞ്ഞാണ് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നത്.ഒന്ന് അറബിക്കടൽ ശാഖയും മറ്റൊന്ന് ബംഗാൾ ഉൾക്കടൽ ശാഖയും

## <u>അറബിക്കടൽ ശാഖ</u>

- ജൂൺ ആരംഭത്തോടെ കേരളതീരത്തെത്തുന്ന അറബിക്കടൽ ശാഖ കേരളത്തിൽ വ്യാപകമായ മഴ നൽകുന്നു.
- തുടർന്ന് കർണ്ണാടകം , ഗോവ , മഹാരാഷ്ട്ര , ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലൂടെ പടിഞ്ഞാറ് കടന്ന് അവിടെ ശക്തമായ മഴ പെയ്യിക്കുന്നു.
- ഗുജറാത്തിലൂടെ രാജസ്ഥാനിൽ കടക്കുന്ന ഈ ശാഖ ആരവല്ലി പർവത നിരകൾക്ക് സമാന്തരമായി കടന്നുപോകുന്നതിനാൽ രാജസ്ഥാനിൽ വളരെ കുറഞ്ഞ മഴ മാത്രം ലഭിക്കുന്നു.

ബംഗാൾ ഉൾക്കടൽ ശാഖ

- ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം ആഗിരണം ചെയ്ത് വരുന്ന ബംഗാൾ ഉൾക്കടൽ ശാഖ പശ്ചിമ ബംഗാളിൽ പ്രവേശിച്ച് രണ്ടായി പിരിയുന്നു.
- ഒരു ശാഖ ബ്രഹ്മപുത്രാ സമതലത്തിലൂടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ എത്തി വലിയ തോതിൽ മഴ നൽകുന്നു.
- രണ്ടാമത്തെ ശാഖ പശ്ചിമ ബംഗാൾ , ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മഴ നൽകുന്നു.
- ഈ ശാഖ പഞ്ചാബ് സമതലത്തിൽ വെച്ച് അറബിക്കറ്റൽ ശാഖയുമായി കൂടിച്ചേർന്ന് വടക്കോട്ട് നീങ്ങി ഹിമാലയത്തിന്റെ അടിവാരമേഖലകളിൽ കനത്ത മഴ നൽകുന്നു.

[ സ്കോർ അനുസരിച്ച് പോയിന്റുകൾ നൽകുക]

22. എന്താണ് ഒക്ടോബർ ചൂട്

ഒക്ടോബർ നവംബർ മാസങ്ങളിലായി ഇന്ത്യയൊട്ടാകെ അനുഭവപ്പെടുന്ന ഉയർന്ന ഉഷ്ണവും ആർദ്രതയും പകൽ സമയങ്ങളെ ദുസ്സഹമാക്കുന്നു.ഈ പ്രതിഭാസം ഒക്ടോബർ ചൂട് എന്നറിയപ്പെടുന്നു.

23.ഭൂപടത്തിൽ അടയാളപ്പെടുത്തുക

1. a)മഹാനദി
   b)ആരവല്ലി
   c)പശ്ചിമഘട്ടം
   d)സത്പുര

2. a) 60 സെമി താഴെ മഴ ലഭിക്കുന്ന പ്രദേശം
   b)ഡക്കാൻ പീഠഭൂമി
   c)വിന്ധ്യാ നിരകൾ
   d)സിന്ധു നദി

3. a)കൃഷ്ണ നദി
   b)മൗണ്ട് കെ 2
   c)സസ്കർ
   d)ഗാരൊ കുന്നുകൾ

4. a)പടിഞ്ഞാറൻ തീര സമതലം

b)നർമ്മദ നദി

c)കച്ച്

d)ചോട്ടാനാഗ്പൂർ

## സംസ്കാരവും ദേശീയതയും

1. ഇന്ത്യൻ ദേശീയ ഐക്യത്തിന്റെ അടിസ്ഥാനമെന്ത് ?

നാനാത്വത്തിൽ ഏകത്വം

2.എന്താണ് ദേശീയത ?

ജാതി മത വർഗ്ഗ പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത

3.പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരികരംഗത്തും ആശയതലങ്ങളിലും രണ്ട് തരത്തിലുള്ള പ്രതിഷേധങ്ങൾ ഉയർന്നു വന്നു . അവ ഏതെല്ലാം ?

1. അസമത്വത്തിനെതിരേയുള്ള പ്രതിഷേധം
2. സാമ്രാജ്യത്വത്തിനെതിരേയുള്ള പ്രതിഷേധം

4. ബ്രിട്ടീഷുകാരുടെ നേതൃത്വത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ സ്ഥാപിച്ച സ്ഥാപനങ്ങളുടെ പേരും അവയുടെ സ്ഥാപകരുടെ പേരും പട്ടികയായി എഴുതുക.

ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ - വില്യം ജോൺസ്

കൽക്കട്ട മദ്രസ്സ - വാറൻ ഹേസ്റ്റ്ങ്സ്

ബനാറസ് സംസ്കൃത കോളേജ് - ജോനാഥൻ ഡങ്കൻ

5. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കിയതിന്റെ ലക്ഷ്യമെന്ത് ?

1. ഇംഗ്ലീഷുകാരുടെ ജീവിതരീതികളോട് താല്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക

2. ഇംഗ്ലീഷ് ഭാഷക്ക് പ്രചാരം നൽകുക.

6.പത്തൊമ്പതാം നൂറ്റാണ്ടിൽ വ്യത്യസ്ത സമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ എന്തെല്ലാം ?

- ഇന്ത്യൻ ജനങ്ങളിൽ വളർന്നു വന്ന് സ്വതന്ത്രചിന്ത
- ആധുനിക വത്കരണത്തോടുള്ള താല്പര്യം
- യുക്തിചിന്ത

7.ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്കുണ്ടായിരുന്ന രണ്ട് ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ?

- ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളെ എതിർക്കുക
- എല്ലാ മനുഷ്യർക്കും പൗരാവകാശങ്ങൾ നേടിയെടുക്കുക

8. സമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വെച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ?

- ജാതി വ്യവസ്ഥ നിർമാർജ്ജനം ചെയ്യുക
- എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കുക
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
- വിധവാ പുനർ വിവാഹം നടപ്പിലാക്കുക
- ശൈശവ വിവാഹം അവസാനിപ്പിക്കുക

9. ഇന്ത്യൻ സമൂഹത്തിന്റെ ആധുനിക വത്ക്കരണത്തിന് രാജാറാം മോഹൻറായിയുടെ പങ്കെന്ത് ?

-ജാതി വ്യവസ്ഥയെ എതിർത്തു

-സതി എന്ന ദുരാചാരത്തെ എതിർത്തു.

-ബ്രഹ്മസമാജം സ്ഥാപിച്ചു

-ഒരൊറ്റ ഇന്ത്യ എന്ന ആശയം പ്രചരിപ്പിച്ചു

10. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിന്ന വിവിധ സമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക

- <u>ഈശ്വര ചന്ദ്ര വിദ്യാസാഗർ</u> - വിധവകളുടെ പുനർ വിവാഹത്തിന് വേണ്ടി പ്രവർത്തിച്ചു.സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു.

- <u>പണ്ഡിത രമാബായി</u> - വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചു.

- <u>സ്വാമി ദയാനന്ദ സരസ്വതി</u> - ആര്യസമാജം സ്ഥാപിച്ചു. വിഗ്രഹാരാധനയെ

എതിർത്തു.

- സ്വാമി വിവേകാനന്ദൻ - രാമകൃഷ്ണമിഷൻ സ്ഥാപിച്ചു. ജാതിവ്യവസ്ഥയെ എതിർത്തു.

- സർ സയ്യിദ് അഹമ്മദ്ഖാൻ - അലിഗഡ് പ്രസ്ഥാനം സ്ഥാപിച്ചു. മുസ്ലീങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടി വാദിച്ചു.

- ആത്മറാം പാണ്ഡുരംഗ് - പ്രാർത്ഥനാസമാജം സ്ഥാപിച്ചു. മിശ്രഭോജനത്തിനും മിശ്രവിവാഹത്തിനും വേണ്ടി വാദിച്ചു.

- ആനിബസന്റ് - തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിച്ചു.

11. ബ്രിട്ടീഷുകാർ സാമൂഹിക അനാചാരങ്ങളെ നിരോധിച്ചുകൊണ്ടുള്ള എന്തെല്ലാം നടപടികളാണ് കൈകൊണ്ടത് ?

- സതി നിരോധിച്ചു.
- അടിമത്തം നിരോധിച്ചു
- വിധവാപുനർ വിവാഹം നടപ്പിലാക്കി
- ശൈശവ വിവാഹം നിരോധിച്ചു.
- ബഹുഭാര്യാത്വം നിരോധിച്ചു
- പെൺ ശിശുഹത്യ നിരോധിച്ചു

12. ദേശീയ സമരകാലത്ത് വർത്തമാന പത്രങ്ങളുടെ ലക്ഷ്യങ്ങൾ എന്തായിരുന്നു ?

-ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി

-ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതിഷേധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

-ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന സ്വാതന്ത്ര്യ സമര പോരാട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വിവരം നൽകി.

-ഇന്ത്യയിലെ സാമൂഹിക പരിഷ്കരണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

13.ദേശീയ സമരക്കാലത്തെ പ്രധാന പത്രങ്ങളേയും നേതൃത്വം നൽകിയവരേയും പട്ടികപ്പെടുത്തുക.

ഹിന്ദു - ജി സുബ്രഹ്മണ്യ അയ്യർ

സ്വദേശീമിത്രം - ജി സുബ്രഹ്മണ്യ അയ്യർ

അമൃത ബസാർ പത്രിക - ശിശിർകുമാർ ഘോഷ് , മോത്തിലാൽ ഘോഷ്

ബോംബെ സമാചാർ - ഫർദുർജി മർസ്ബാൻ

കേസരി , മറാത്ത - ബാലഗംഗാധര തിലക്

ബംഗാളി - സുരേന്ദ്രനാഥ ബാനർജി

വന്ദേമാതരം - ലാലാലജ് പത്റായ്

14. ദേശീയ സമരക്കാലത്ത് മലയാളത്തിൽ പ്രസിദ്ധീകരിച്ച പത്രങ്ങൾ ഏതെല്ലാം ?

സ്വദേശാഭിമാനി - വക്കം അബ്ദുൾഖാദർ മൗലവി

കേസരി - കേസരി ബാലകൃഷ്ണപ്പിള്ള

മലയാളമനോരമ - കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള

സഹോദരൻ - കെ അയ്യപ്പൻ

15. ദേശീയ കാഴ്ചപാടോട്ടുകൂടി ഇന്ത്യയിൽ പത്രങ്ങൾക്ക് തുടക്കം കുറിച്ച സമൂഹ്യ പരിഷ്കർത്താവ് ആരാണ് ? അദ്ദേഹത്തിന്റെ പത്രങ്ങൾ ഏതെല്ലാം?

- രാജാറാം മോഹൻ റോയ്

*സംബാദ് കൗമുദി

*മിറത്- ഉൽ-അക്ബർ

16. ഇന്ത്യൻ ദേശീയതയുടെ വളർച്ചക്ക് വിദ്യാഭ്യാസ രംഗത്തെപുരോഗതി സഹായമായതെങ്ങനെ ?

ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽ നിന്ന് മോചനം നേടാനും ഇന്ത്യയിൽ ഐക്യം കെട്ടിപ്പടുക്കാനുമായി സാമൂഹ്യപരിഷ്കർത്താക്കൽ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തി.

അതിന് ചില ഉദാഹരണങ്ങൾ

1- ഡക്കാൻ എജ്യുക്കേഷൻ സൊസൈറ്റി - 1884 - തിലക് , റാനഡെ  സ്ഥാപിച്ചു

2- സ്വദേശിപ്രസ്ഥാനം - നിരവധി വിദ്യാലയങ്ങൾ ആരംഭിച്ചു

3- ഡി കെ കാർവെ - 1916 മഹാരാഷ്ട്രയിൽ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചു.

4- രവീന്ദ്ര നാഥ ടാഗോർ - വിശ്വഭാരതി സർവകലാശാല

5 - ജാമിഅ മില്ലിയ ഇസ്ലാമിയ - മൗലാനാ മുഹമ്മദലി , ഷൗക്കത്തലി , സാകീർ ഹുസൈൻ എന്നിവർ അലിഗഡിൽ സ്ഥാപിച്ചു.

6- കേരള കലാമണ്ഡലം - തൃശ്ശൂർ - വള്ളത്തോൾ നാരായണമേനോൻ

7- മഹാതമാ ഗാന്ധി - 1937 - വാർധാ പദ്ധതി

17. വിവിധ ഭാഷകളിൽ രചിക്കപ്പെട്ട സാഹിത്യകൃതികൾ ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴി തെളിച്ചതെങ്ങനെ ?

-ശിശിർ കുമാർ ഘോഷ് , സത്യേന്ദ്രനാഥ് ടാഗോർ എന്നിവർ സംഘടിപ്പിച്ച നാടകത്തിലൂടെയാണ് ഭാരതമാതാ എന്ന സങ്കല്പം ആദ്യമായി പൊതുവേദിയിലെത്തിയത്.

-ബങ്കിം ചന്ദ്ര ചാറ്റർജി എഴുതിയ ആനന്ദമഠം എന്ന നോവൽ ബംഗാളിലെ നീലം കർഷകരുടെ സന്യാസി കലാപത്തെക്കുറിച്ച് വിശദീകരിക്കുന്നു.

-ദീനബന്ധു മിത്ര എഴുതിയ നീൽദർപ്പൺ എന്ന നാടകം ബംഗാളിലെ നീലം കർഷകർ അനുഭവിച്ച ചൂഷണം വിശദമാക്കുന്നു.

18.ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ ചിത്രകാരന്മാരുടെ പങ്കിനെ കുറിച്ച് കുറിപ്പെഴുതുക.

-**അബനീന്ദ്രനാഥ ടാഗോർ** വരച്ച ഭാരതമാതാ എന്ന ചിത്രം ഇന്ത്യക്കാരിൽ ദേശസ്നേഹം വളർത്താൻ ഉപകരിച്ചു.

-**നന്ദലാൽ ബോസ്** വരച്ച സതി എന്ന ചിത്രം ഇന്ത്യയിലെ അനാചാരങ്ങളെ തുറന്നുകാട്ടുന്നു.'ഗ്രാമീണ ചെണ്ടക്കാരൻ' എന്ന് ചിത്രം ഇന്ത്യൻ ജീവിത ദുരിതങ്ങൾ തുറന്നു കാട്ടുന്നു

-**രാജാരവിവർമ്മ**യുടെ ചിത്രങ്ങൾ ഇന്ത്യൻ സംസ്കൃതിയെ ഉയർത്തിക്കാട്ടുന്നു.

-**അമൃതാ ഷേർഗിലിന്റെ** 'ഗ്രാമീണ ജീവിതം' എന്ന ചിത്രം ഗ്രാമീണ ദുരിതങ്ങൾ തുറന്നുകാട്ടുന്നു

19.ഇന്ത്യയിൽ ആദ്യമായി ത്രിവർണ്ണ പതാകക്ക് രൂപം നൽകിയതെന്ന് ? എന്താണ് അതിന്റെ സവിശേഷത ?

- സ്വദേശി സമരകാലത്ത്.

- ബ്രിട്ടിഷ് ഇന്ത്യയിലെ 8 പ്രവശ്യകളെ പ്രതിനിധീകരിക്കുന്ന 8 താമരകളും ഹിന്ദു മുസ്ലീം ഐക്യത്തിന്റെ പ്രതീകമായി ഒരു അർദ്ധ ചന്ദ്രനുമായിരുന്നു ആ പതാക.

# സമരവും സ്വാതന്ത്ര്യവും

1.ഗാന്ധിജി ഇന്ത്യയിൽ പൊതു പ്രവർത്തനം ആരംഭിക്കുന്നത് ഏത് സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് ?

ചമ്പാരൻ സമരത്തിൽ

2.വളരെ പെട്ടെന്ന് തന്നെ ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് കഴിഞ്ഞതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

- ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
- സാധാരണക്കാരെപോലെ വസ്ത്രം ധരിക്കുകയും സാധാരണക്കാരെപോലെ സംസാരിക്കുകയും ചെയ്യുന്ന ഗാന്ധിജി വളരെ പെട്ടെന്ന് തന്നെ ഇന്ത്യക്കരുടെ പ്രിയങ്കരനായി.

3. ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ ഏതെല്ലാം ? അതിന്റെ സവിശേഷതകൾ എന്തെല്ലാം ?

-ചമ്പാരനിലെ നീല കർഷകരുടെ സമരം - 1917

-അഹമ്മദാബാദിലെ തുണിമിൽ സമരം - 1918

-ഖേഡയിലെ കർഷക സമരം - 1918

- ഈ മൂന്ന് സമരങ്ങളും പ്രാദേശികവും സാമ്പത്തിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലുള്ളവയുമാണ് .

4. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാമായിരുന്നു ?

-ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാർക്ക് പരിചിതമായി.

-സാധാരണക്കാരും ഇന്ത്യൻ ദേശിയപ്രസ്ഥാനത്തിൽ പങ്കാളികളായി.

-ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിച്ചു.

-എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ നേതാവായി ഗാന്ധിജി മാറി.

5. എന്താണ് റൗലറ്റ് നിയമം ?

1919 ൽ ബ്രിട്ടീഷ് ഗവണ്മെന്റ് പാസാക്കിയ നിയമമാണിത്. ഈ നിയമപ്രകാരം ഏതൊരാളേയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വെയ്ക്കാം.
ഈ നിയമം പാസാക്കാൻ നിർദേശം നൽകിയ കമ്മിറ്റിയുടെ അധ്യക്ഷൻ സർ സിഡ്നി റൗലറ്റ് ആയതുകൊണ്ടാണ് ഈ കരിനിയമം റൗലറ്റ്നിയമം എന്നറിയപ്പെട്ടത് .

6.ജാലിയാൻ വാലാബാഗ് കൂട്ടക്കൊലയെ കുറിച്ച് കുറിപ്പെഴുതുക

1919 ഏപ്രിൽ 13 നാണ് ജാലിയാൻ വാലാബാഗ് കൂട്ടക്കൊല നടന്നത്. റൗലറ്റ് നിയമത്തിനെതിരെ പഞ്ചാബിൽ സമരം നടത്തിയ **സെയ്ഫുദ്ദീൻ കിച്ച് ലു , സത്യപാൽ** എന്നിവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിക്കാനായി ജനങ്ങൾ അമൃതസറിലെ ജാലിയാൻ വാലാബാഗിൽ ഒത്തുചേർന്നു. ഈ മൈതാനത്തെ ബ്രിട്ടീഷ് പട്ടാളം വളയുകയും യാതൊരു മുന്നറിയിപ്പുമില്ലാതെ വെടിയുതിർക്കുകയും ചെയ്തു. **ജനറൽ ഡയറാണ്** വെടിവെപ്പിന് ഉത്തരവിട്ടത്. പത്ത് മിനുട്ട് നീണ്ട വെടിവെപ്പിൽ 379 പേർ കൊല്ലപ്പെട്ടു. ഈ സംഭവം ജാലിയവാലാബാഗ് കൂട്ടക്കൊല എന്നറിയപ്പെടുന്നു.

7.ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭമേത് ?

നിസ്സഹകരണപ്രസ്ഥാനം

8.നിസ്സഹകരണപ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

1. വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക
2. നികുതി നൽകാതിരിക്കുക
3. തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുക
4. വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
5. കോടതികൾ ബഹിഷ്കരിക്കുക

9.നിസ്സഹകരണ സമരകാലത്ത് ബഹിഷ്കരണത്തോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗാന്ധിജി ആഹ്വാനം നൽകി . സമർത്ഥിക്കുക.

ഗാന്ധിജിയുടെ നിർദ്ദേശാനുസരണം ജനങ്ങൾ തദ്ദേശീയമായ ഉത്പന്നങ്ങൾ നിർമ്മിക്കുകയും ചർക്കയിൽ നൂൽ നൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്യുകയും ദേശീയ വിദ്യാലയങ്ങൽ ആരഭിക്കുകയും ഹിന്ദി പ്രചരിപ്പിക്കുകയും ചെയ്തു.

10.ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഇടയാക്കിയ സാഹചര്യമെന്ത് ?

1922 ലെ ചൗരി ചൗരാ സംഭവത്തോടെയാണ് ഗാന്ധിജി നിസ്സഹകരണസമരം നിർത്തിവെച്ചത്.

11.1929 ലെ ലാഹോർ കോൺഗ്രസിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം ?

1. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണ്ണ സ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.

2.ഗന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘന സമരം ആരംഭിക്കാൻ തീരുമാനിച്ചു.

12.നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വെച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ?

-ഉപ്പ് നികുതി എടുത്തുകളയുക

-കൃഷിക്കാർക്ക് 50 ശതമാനം നികുതിയിളവ് നൽകുക

-മദ്യനിരോധനം നടപ്പിലാക്കുക

-രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക.

13.ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?

-സാധാരണക്കാരെ ഉണർത്താൻ പറ്റുന്ന മുദ്രാവാക്യമായിരുന്നു അത്.

-ബ്രിട്ടിഷുകാരുടെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു.

-ഉപ്പിന്റെ വില മൂന്ന് മടങ്ങ വർദ്ധിച്ചു

-ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.

14.ഇന്ത്യയിൽ ഉപ്പ് സത്യാഗ്രഹത്തിന്റെ കേന്ദ്രങ്ങൾ ഏതെല്ലാം ?

കേരളത്തിൽ പയ്യന്നൂർ

തമിഴ്നാട്ടിൽ വേദാരണ്യം

മഹാരാഷ്ട്രയിൽ ബോംബെ

ബംഗാളിൽ നവഖാലി

15.ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ എന്തെല്ലാം ?

-ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം

-വിലക്കയറ്റം , ക്ഷാമം

-രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന് തോന്നൽ

16.ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങളെന്തെല്ലാമായിരുന്നു ?

-നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം

-കർഷകർഭൂനികുതി കൊടുക്കരുത്.

-സർക്കാർ ജീവനക്കാർ ജോലി രാജിവെക്കാതെ സമരത്തിൽ പങ്കു ചേരുക

-സ്വാതന്ത്ര്യ പ്രാപ്തിവരെ കഴിയുമെങ്കിൽ പഠനം ഉപേക്ഷിക്കണം.

17. ഗാന്ധിയൻ സമരരീതികളിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപാടുകളും സമരരീതിയും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിട്ടുണ്ടായിട്ടുണ്ട്. അവ ഏതെല്ലാം ? കുറിപ്പ് തയ്യാറാക്കുക

1. സ്വരാജ് പാർട്ടി - മോത്തിലാൽ നെഹ്റു , സി ആർ ദാസ് - നിയമനിർമ്മാണസഭകളെ ബഹിഷ്കരിക്കാതെ പോരാട്ടത്തിനുള്ള വേദിയാക്കണം.

2. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ - 1928 - ഭഗ്ത് സിങ്ങ്, ആസാദ് , രാജ് ഗുരു , സുഖ്ദേവ്

3. വിപ്ലവപ്രസ്ഥാനങ്ങൾ - അഭിനവ് ഭാരത് സൊസൈറ്റി- വി ഡി സവർക്കർ

അനുശീലൻ സമിതി - ബരീന്ദർ കുമാർ ഘോഷ്

ഗദർപാർട്ടി - ലാലാ ഹർദയാൽ

ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - സൂര്യസെൻ

4. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി - ജയപ്രകാശ് നാരായണൻ - 1934

5. ഇന്ത്യ നാഷനൽ ആർമി - റാഷ് ബിഹാരി ബോസ്

6.ഫോർ വേഡ് ബ്ലോക്ക് - സുഭാഷ് ചന്ദ്രബോസ്

18. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രൂപീകരിക്കപ്പെട്ട വിപ്ലവ പ്രസ്ഥാനങ്ങളേയും നേതാക്കളേയും പട്ടികപ്പെടുത്തുക.

അഭിനവ് ഭാരത് സൊസൈറ്റി- വി ഡി സവർക്കർ

അനുശീലൻ സമിതി - ബരീന്ദർ കുമാർ ഘോഷ്

ഗദർപാർട്ടി - ലാലാ ഹർദയാൽ

ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - സൂര്യസെൻ

19.ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകൾ ഏതെല്ലാം ?

-അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ

-മദ്രാസ് ലേബർ യൂണിയൻ

20.അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ ലക്ഷ്യങ്ങളെന്തെല്ലാം ?

1. തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

2. രാജ്യത്തിന് പുറത്തുള്ള തൊഴിലാളി വർഗ്ഗവുമായി ചേർന്ന് പ്രവർത്തിക്കുക

3. സ്വാതന്ത്ര്യ പോരാട്ടങ്ങളിൽ സജീവമായി ഇടപെടുക

21.അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ രൂപം നൽകിയ കിസാൻ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആവശ്യങ്ങളെന്തെല്ലാം ?

ഭൂനികുതിയും പാട്ടവും 50 ശതമാനം കുറക്കുക

കടങ്ങൾ മരവിപ്പിക്കുക

ഫ്യൂഡൽ നികുതികൾ എടുത്തുകളയുക

തൊഴിലാളികൾക്ക് മിനിമ വേതനം ഉറപ്പാക്കുക

22.തൊഴിലാളികളുടേയും കർഷകരുടേയും നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന പ്രധാനപ്പെട്ട സമരങ്ങൾ ഏതെല്ലാം ?

തേഭാഗാ സമരം - ബംഗാൾ

തെലങ്കാനാ സമരം - ആന്ധ്ര

നാവിക കലാപം - ബോംബെ

23. 1947 ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കിയ ഘടകങ്ങൾ എന്തെല്ലാം ?

- ഇന്ത്യയിലെ സ്വാതന്ത്ര്യ സമരത്തിന് ലഭിക്കുന്ന വമ്പിച്ച പിന്തുണ

- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടത്.

- അമേരിക്കയും സോവിയറ്റ് യൂണിയനും കോളനിവാഴ്ചക്കെതിരായി ശക്തമായ നിലപാടെടുത്തത്.

- ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ബ്രിട്ടണിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നത്

24. എന്താണ് മൗണ്ട് ബാറ്റൺ പദ്ധതി ?

ഇന്ത്യയെ വിഭജിച്ചുകൊണ്ട് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകാൻ ഇന്ത്യൻ വൈസ്രോയി മൗണ്ട് ബാറ്റൺ തയ്യാറാക്കിയ പദ്ധതിയാണ് മൗണ്ട് ബാറ്റൺ പദ്ധതി.

## സ്വതന്ത്ര്യാനന്തര ഇന്ത്യ

1. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ നേരിടേണ്ടി വന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ എന്തെല്ലാം

- ഇന്ത്യാ വിഭജനം
- അഭയാർത്ഥി പ്രവാഹം
- നാട്ടുരാജ്യ സമ്യോജനം
- ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണം

2. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം ?

ഹൈദ്രാബാദ് , കാശ്മീർ , ജൂനഗഡ്

3. ഫ്രാൻസ് , പോർച്ചുഗൽ എന്നീ രാജ്യങ്ങൾ ഇന്ത്യയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് കോളനികൾ സ്ഥാപിച്ചത് ? ആ കോളനികൾ ഇന്ത്യയോട് കൂട്ടിച്ചേർക്കപ്പെട്ടതെന്ന് ?

ഫ്രാൻസ്

പോണ്ടിച്ചേരി, കാരക്കൽ , മാഹി യാനം

പോർച്ചുഗൽ

ഗോവ ,ദാമൻ, ദിയു

ഫ്രഞ്ച് കോളനികൾ 1954 ലും പോർച്ചുഗീസ് കോളനികൾ 1961 ലും ഇന്ത്യയോട് കൂട്ടിച്ചേർക്കപ്പെട്ടു.

4. ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

1946 ൽ ഡോ: രാജേന്ദ്ര പ്രസാദ് അധ്യക്ഷനായി ഭരണഘടനാനിർമ്മാണ സഭ രൂപീകരിച്ചു.
ഭരണഘടന എഴുതി തയ്യാറാക്കാനായി ബി ആർ അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിങ്ങ് കമ്മിറ്റിയെ നിയമിച്ചു.നിരവധി ചർച്ചകൾക്കും സം വാദങ്ങൾക്കും ശേഷം 1950 ജനവരി 26 ന് ഇന്ത്യൻ ഭരണഘടൻ നിലവിൽ വന്നു.

5.സംസ്ഥാന പുനസംഘടനാ കമ്മിഷനിലെ അംഗങ്ങൾ ആരെല്ലാം ?

- ഫസൽ അലി [ അധ്യക്ഷൻ]
- കെ എം പണിക്കർ
- എച്ച് എൻ കുൻസ്രു

6.സ്വതന്ത്ര്യ ഇന്ത്യ സംസ്ഥാന പുനസംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചതെന്തുകൊണ്ട് ?

1. പോട്ടി ശ്രീരാമലുവിന്റെ നിരാഹാരവും മരണവും
2. ജനകീയ പ്രക്ഷോഭങ്ങൾ
3. സംസ്ഥാന പുനസംഘടനാകമ്മീഷന്റെ നിർദ്ദേശങ്ങൾ

7.സ്വതന്ത്ര്യാനന്തര ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയുടെ സവിശേഷത എന്ത് ?

മുതലാളിത്ത സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥകളുടെ സമന്വയമായ മിശ്രസമ്പദ് വ്യവസ്ഥയാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ.
എന്നാലും പൊതുമേഖലക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്

8.ഇന്ത്യയിലെ പ്രധാന ഇരുമ്പുരുക്ക് വ്യവസായശാലകൾ , അവയ്ക്ക് സഹായം നൽകിയ രാജ്യങ്ങൾ ഇവ പട്ടികപ്പെടുത്തുക.

| ഇരുമ്പുരുക്ക് വ്യവസായശാലകൾ | സഹായം നൽകിയ രാജ്യങ്ങൾ |
|---|---|
| ഭിലായ് | സോവിയറ്റ് യൂണിയൻ |
| ബൊക്കാറോ | സോവിയറ്റ് യൂണിയൻ |
| റൂർക്കേല | ജർമ്മനി |
| ദുർഗാപ്പൂർ | ബ്രിട്ടൺ |

9.സ്വതന്ത്ര്യാനന്തര ഇന്ത്യ ആരംഭിച്ച പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാം ?

- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ശാസ്ത്ര- വ്യാവസായിക ഗവേഷണ സമിതി

10. IIT ഇന്ത്യയിൽ സ്ഥാപിച്ചതെന്ന് ? അതിന്റെ അടിസ്ഥാനമെന്ത് ?

- 1954 നും 1964 നും ഇടയിലാണ് സ്ഥാപിച്ചത്.
- ശാസ്ത്ര സാമഗ്രികളുടേയും വിജ്ഞാനത്തിന്റേയും കാര്യത്തിൽ പാശ്ചാത്യ രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറക്കണം എന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ഇതിന്റെ അടിസ്ഥാനം .

11.ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യയുടെ നേട്ടങ്ങൾ എന്തെല്ലാം ?

- 1969 ൽ ഐ എസ് ആർ ഒ രൂപികരിച്ച

- തിരുവനന്തപുരത്ത് തുമ്പയിൽ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചു.
- 1975 ൽ ആദ്യ ഉപഗ്രഹമായ ആര്യഭട്ട വിക്ഷേപിച്ചു.
- ചന്ദ്രയാൻ പദ്ധതി
- മംഗൾയാൻ പദ്ധതി

12.സ്വതന്ത്രാനന്തര ഇന്ത്യയിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ കമ്മിഷനുകൾ ഏതെല്ലാം ?

| കമ്മിഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോ: രാധാകൃഷ്ണൻ കമ്മിഷൻ [ 1948] | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | യു ജി സി രൂപീകരിക്കണം |
| ഡോ: മുതലിയാർ കമ്മീഷൻ [ 1952 ] | സെക്കന്ററി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | ത്രിഭാഷാ പദ്ധതി നടാപ്പിലാക്കണം |
| ഡോ: കോത്താരി കമ്മിഷൻ [1964] | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപറ്റിയുള്ള നിർദ്ദേശം | 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം |

13.1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാം ?

1.പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം

2.പ്രൈമറി പഠനം മെച്ചപ്പെടുത്തുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പാക്കണം.

3.ഓരോ ജില്ലയിലും നവോദയാവിദ്യാലയങ്ങൾ സ്ഥാപിക്കണം

4. പെൺ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

14.ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റം ലക്ഷ്യമാക്കി ആരംഭിച്ച സ്ഥാപനങ്ങൾ പട്ടികപ്പെടുത്തുക.

1.സംഗീത നാടക അക്കാദമി - സംഗീതത്തിന്റേയും നാടകത്തിന്റേയും പ്രോത്സാഹനമാണ് ലക്ഷ്യം - ആസ്ഥാനം ന്യൂഡൽഹി

2.ലളിതകലാഅക്കാദമി - ഇന്ത്യൻ കലകളുടെ പ്രചരണം ലക്ഷ്യം - ആസ്ഥാനം ന്യൂഡൽഹി

3.സാഹിത്യ അക്കാദമി - ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം ലക്ഷ്യം -ആസ്ഥാനം ന്യൂഡൽഹി

4.നാഷണൽ സ്കൂൾ ഓഫ് ഡ്രാമ - നാടക പ്രോത്സാഹനം ലക്ഷ്യം -ആസ്ഥാനം ന്യൂഡൽഹി

5.നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ - ഇന്ത്യൻ പുസ്തകങ്ങളുടെ പ്രചരണം ലക്ഷ്യം -ആസ്ഥാനം ന്യൂഡൽഹി

15.ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ എന്തെല്ലാം ?

- സാമ്രാജ്യത്വത്തോടുള്ള എതിർപ്പ്
- ചേരിചേരായ്മ
- പഞ്ചശീല തത്വം
- വംശീയവാദത്തോടുള്ള വിദ്വേഷം

16.എന്താണ് പഞ്ചശീലതത്വം ? അതിലെ വ്യവസ്ഥകൾ എന്തെല്ലാം ?

1954 ൽ ഇന്ത്യം ചൈനയും തമ്മിൽ ഒപ്പ് വെച്ച ഉടമ്പടിയാണ് പഞ്ചശീലതത്വം.

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
-പരസ്പരം ആക്രമിക്കാതിരിക്കുക.
- ആഭ്യന്തരകാര്യങ്ങലിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും പുലർത്തുക
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

## രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

1. എന്താണ് രാഷ്ട്രം ?

ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവണ്മെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

2.ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാം?

ജനങ്ങൾ

ഭൂപ്രദേശം

പരമാധികാരം

ഗവൺമെന്റ്

3.അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും ഏത് വിധത്തിലാണ് രാഷ്ട്രത്തെ പ്രതികൂലമായി ബാധിക്കുന്നത് ?

അമിതമായ ജനസംഖ്യ തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉണ്ടാക്കുന്നു.
ജനസംഖ്യ കുറഞ്ഞാൽ മനുഷ്യവിഭവശേഷിയുടെ കുറവുണ്ടാക്കുന്നു.
രണ്ടും രാഷ്ട്രത്തിന് ഗുണകരമല്ല.ഇത് രാഷ്ട്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

4.ഇന്ത്യയിലെ ജനങ്ങളുടെ പൊതു സവിശേഷതകൾ എന്തെല്ലാം ?

വ്യത്യസ്ത മത വിഭാഗത്തിൽ പെട്ടവരാണ്.

വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരാണ് .

വ്യത്യസ്ത ആചാരങ്ങൾ പിന്തുടരുന്നവരാണ് .

5.എന്താണ് ഭൂപ്രദേശം ?

ഭൂപ്രദേശം എന്നാൽ കരപ്രദേശം മാത്രമല്ല, മറിച്ച് അതിർത്തിക്കുള്ളിൽ വരുന്ന കരയും ജലമേഖലയും വായുമേഖലയും തീരപ്രദേശവും ഉൾപ്പെടുന്നതാണ്.

6.പരമാധികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

ബാഹ്യ നിയന്ത്രണങ്ങളില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനും , അന്തർദേശീയവിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള രാഷ്ട്രത്തിന്റെ അധികാരത്തേയാണ് പരമാധികാരം എന്നു പറയുന്നത്.

7.പരമാധികാരത്തിന്റെ രണ്ട് തലങ്ങളെന്തെല്ലാം ?

1. ആഭ്യന്തര തലം - ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം.

2. ബാഹ്യതലം - അന്തർ ദേശിയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം.

8.ഒരു രാഷ്ട്രത്തിന്റെ ചുമതലകൾ എന്തെല്ലാം ?

ഒരു രാഷ്ട്രത്തിന് രണ്ട് ചുമതലകളാണുള്ളത്.

1. നിർബന്ധിത ചുമതലകൾ
2. വിവേചനപരമായ ചുമതലകൾ

<u>1. നിർബന്ധിത ചുമതലകൾ</u>

അതിർത്തി സം രക്ഷണം
ആഭ്യന്തര സമാധാനം
അവകാശ സം രക്ഷണംനീതി നടപ്പാക്കൽ

<u>2. വിവേചനപരമായ ചുമതലകൾ</u>

ആരോഗ്യ സം രക്ഷണം
വിദ്യാഭ്യാസം ഒരുക്കൽ
ക്ഷേമ പദ്ധതികൾ നടപ്പാക്കൽ
ഗതാഗതസൗകര്യം ഒരുക്കൽ

9.രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ എന്തെല്ലാം ?

**ശക്തി സിദ്ധാന്തം** - ശക്തരായവർ ദുർബലരുടെ മേൽ അധികാരം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപികരിക്കപ്പെട്ടു.

**ദൈവദത്ത സിദ്ധാന്തം** - രാഷ്ട്രം ദൈവ സൃഷ്ടിയാണെന്നും രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണെന്നുമുള്ള കാഴ്ചപ്പാടിലൂടെ വളർന്നുവന്നത്.

**സാമൂഹിക ഉടമ്പടി സിദ്ധാന്തം** - ജനങ്ങൾ രൂപം നൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽ വന്നു.

**പരിണാമ സിദ്ധാന്തം** - സാമൂഹിക പരിണാമ പ്രക്രീയയിലൂടെ രൂപം കൊണ്ടതാണ് രാഷ്ട്രം

10.ഇന്ന് രാഷ്ട്രങ്ങളെ ദേശരാഷ്ട്രം എന്നു വിളിക്കാൻ കാരണമെന്ത് ?

പൊതുവായ ദേശീയ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി രൂപം കൊള്ളുന്നതിനാലാണ് ഇന്ന് രാഷ്ട്രങ്ങൾ ദേശരാഷ്ട്രം എന്നറിയപ്പെടുന്നത്.

11.എന്താണ് പൗരത്വം ?

ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം

12.രണ്ട് തരത്തിലുള്ള പൗരത്വങ്ങൾ എന്തെല്ലാം ?

1. സ്വാഭാവിക പൗരത്വം - ജന്മനാ ലഭിക്കുന്ന പൗരത്വം.
2. ആർജിത പൗരത്വം - നേടിയെടുക്കുന്ന പൗരത്വം

13.എന്താണ് രാഷ്ട്രതന്ത്ര ശാസ്ത്രം ?

രാഷ്ട്രം , ഗവൺമെന്റ് എന്നിവയെക്കുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം.

14.രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ഏതെല്ലാം ?

പൊതുഭരണം

അന്തർദേശീയ രാഷ്ട്രീയം

രാഷ്ട്രീയ സിദ്ധാന്തങ്ങൾ

താരതമ്യ രാഷ്ട്രീയം

15.രാഷ്ട്രതന്ത്ര പഠനത്തിന്റെ ആവശ്യകതയെന്ത് ?

പൊതുവായ ഏത് വിഷയത്തിലും യുക്തിപൂർവം വിശകലനം ചെയ്യുകയും ക്രീയാത്മകമായി ഇടപെടുകയും വേണം . ഇതിന് രാഷ്ട്രതന്ത്രപഠനം അനിവാര്യമാണ്.

# പൗരബോധം

1. എന്താണ് പൗരബോധം ?

ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം

2.ആധുനികകാലത്ത് പൗരബോധത്തിന്റെ പ്രാധാന്യമെന്ത് ?

രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു.

പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാകുന്നു. അവന്റെ പ്രവർത്തനങ്ങളെല്ലാം സ്വന്തം നേട്ടങ്ങൾക്കുമാത്രമാകും .

ഇതിനെ മാറ്റിയെടുക്കാൻ പൗരബോധം സഹായിക്കുന്നു.

3.പൊതു സമൂഹം ഇന്ന് നേരിടുന്ന ഏതെങ്കിലും 3 പ്രശ്നങ്ങളും അവയ്ക്കുള്ള രണ്ട് പരിഹാരമാർഗ്ഗങ്ങളും പട്ടികപ്പെടുത്തുക.

ജലക്ഷാമം - 1. മഴവെള്ള സംഭരണം
2. കാര്യക്ഷമതയോടെയുള്ള വെള്ളത്തിന്റെ ഉപയോഗം

പരിസരമലിനീകരണം - 1. മരങ്ങൾ വെച്ച് പിടിപ്പിക്കുക
2. മാലിന്യ സംസ്കരണം

അഴിമതി - 1. ബോധവത്കരണം
2. പരാതിപ്പെടൽ

4.പൗരബോധത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

കുടുംബം
വിദ്യാഭ്യാസം
സംഘടനകൾ
രാഷ്ട്രീയ വ്യവസ്ഥ
സാമൂഹിക വ്യവസ്ഥ

5.പൗരബോധം വളർത്തിയെടുക്കാൻ സഹായിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം ?

കുടുംബം

വിദ്യാഭ്യാസം

സംഘടനകൾ

മാധ്യമങ്ങൾ

6.കുടുംബം പൗരബോധത്തെ ഏത് രീതിയിൽ സ്വാധീനിക്കുന്നു?

- മുതിർന്നവരെ ബഹുമാനിക്കാനും സമൂഹ സേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്.

- അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതും കുടുംബത്തിൽ നിന്നാണ് .

- ഒരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടീയുമാണെന്ന ബോധ്യം കുടുംബാന്തരീക്ഷത്തിൽ വളർത്തിയെടുക്കാൻ കഴിയണം.

7. വിദ്യാഭ്യാസം പൗരബോധത്തെ വളർത്തിയെടുക്കുന്നതെങ്ങനെ ?

- മൂല്യബോധം , സഹിഷ്ണത, നേതൃത്വഗുണം പരിസ്ഥിതി ബോധംതുടങ്ങിയവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കും.

- ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.

8.പൗരബോധവും മാധ്യമവും തമ്മിലുള്ള ബന്ധമെന്ത് ?

- വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ് .

- മാധ്യമങ്ങൾ നിഷ്പക്ഷമായിരിക്കണം , സ്വതന്ത്രമായിരിക്കണം

- മാധ്യമങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൽ വിമർശനാത്മകമായി വിലയിരുത്തണം.

9.ഉയർന്ന പൗരബോധം പ്രകടിപ്പിച്ച ഉത്തമമാതൃകകൾക്ക് ചില ഉദാഹരണങ്ങൽ എഴുതുക.

എപിജെ അബ്ദുൾ കലാം

മദർ തെരേസ

മയിലമ്മ

കല്ലേൽ പൊക്കുടൻ

10.പൗരബോധവും ധാർമ്മികതയും തമ്മിലുള്ള ബന്ധമെന്ത് ?

ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു. എന്നാൽ അധാർമ്മികത പൗരബോധം ഇല്ലാതാക്കുന്നു.
ജീവിതത്തിന്റെ എല്ലാ മേഖലയിലും ധാർമ്മികബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

11.പൗരബോധം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം ? അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾഎന്തെല്ലാം ?

-പൊതുതാല്പര്യത്തെ അവഗണിച്ച് സ്വന്തം താല്പര്യങ്ങളിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി.

ഇത് മറികടക്കാനുള്ള മാർഗ്ഗങ്ങളാണ് ,

- സ്വന്തം പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
- മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽ നിന്ന് തുടങ്ങുക.
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യ പരിഗ്ഗണന നൽകുക

12.പൗരബോധരൂപീകരണത്തിന് സമൂഹ്യശാസ്ത്രപഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം

- സമാധാനത്തിന്റേയും സഹവർത്തിത്വന്റേയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.

13. എന്താണ് ധാർമ്മികത ?

നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്തത്തോടെ നിർവഹിക്കുകയുമാണ് ധാർമ്മികതകൊണ്ട് അർത്ഥമാക്കുന്നത്.

---


Prepared By

BIJU.M
HSA SOCIAL SCIENCE
GHSS PARAPPA
KASARGOD

COLIN JOSE .E
HSA SOCIAL SCIENCE
Dr. AMMRHSS KATTELA
TVPM